**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223** **13-10-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതിയിൽ തീരദേശത്തെ എത്ര കുടുംബങ്ങൾക്ക് ഭൂമിയും സുരക്ഷിത വീടും ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (എ) | പുനർഗേഹം പദ്ധതിയിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും സുരക്ഷിത വീടും ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഗുണഭോക്തൃ പട്ടിക തയ്യാറായിട്ടുണ്ടോ; അതിന് സ്വീകരിച്ച മാനദണ്ഡങ്ങളും എത്ര പേർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ തീരദേശ ജില്ലകളിൽ നടത്തിയ വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിയിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവരെല്ലാം തന്നെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിന് പുറമെ മേൽ ലിസ്റ്റിൽ ഉൾപ്പെടുകയും അതിൽ വെവ്വേറെ റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പുറമെ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന ഇതര വിഭാഗങ്ങളെയും ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ ഭാഗമായി കടലിനോട് ചേർന്നുള്ള ഭൂമി കൈവശക്കാരുടെ പക്കൽനിന്നും ഏറ്റെടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ? | (സി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ